Reg. No. K. 107

# KERALA GAZETTE

## EXTRAORDINARY

PUBLISHED BY AUTHORITY

Vol. XIII] Trivandrum, Saturday 27th April 1968 / 7th Vaisakha 1890 [No. 97

GOVERNMENT OF KERALA

**Industries (H) Department**

NOTIFICATION

No. 11599|H4|68|ID. *Dated, Trivandrum, 27th April 1968.*

In exercise of the powers conferred by sub-section (3) of section 1 of the Kerala Relief Undertakings (Special Provisions) Act, 1961, (Act 6 of 1962), the Government of Kerala hereby appoint the Second day of May 1968 as the date on which the said Act shall come into force.

By order of the Governor,

K. B. WARRIER,
*Secretary to Government,*
*Industries Department.*

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS, TRIVANDRUM, 1968.

©
GOVERNMENT OF KERALA
1968

Reg. No. K. 107

# KERALA GAZETTE

## EXTRAORDINARY

### PUBLISHED BY AUTHORITY

Vol. XIII] Trivandrum, Saturday, 27th April 1968 / 7th Vaisakha 1890 [No. 98

GOVERNMENT OF KERALA

**Revenue (II) Department**

NOTIFICATION

G.O.MS. No. 658|68|RD. *Dated, Trivandrum, 24th April, 1968.*

**S. R. O. No. 159|68.**—In exercise of the powers conferred by sub-section (1) of section 10 of the Kerala General Sales Tax Act, 1963 (Act 15 of 1963), the Government of Kerala, having considered it necessary in the public interest so to do, hereby make an exemption in respect of the tax payable under the said Act on the sale of mill-made "pure silk fabrics" at all points in the series of sales by successive dealers, except at the point of first sale in the State by a dealer who is liable to tax under Section 5 of the said Act.

This notification shall be deemed to have come into force on the 1st day of September, 1967.

*Explanatory Note.*—According to the Kerala General Salestax (Second Amendment) Act, 1967 (Act 16 of 1967) which came into force with effect from 1-9-1967, "silk fabrics" were deleted from item 7 of the Third Schedule to the Kerala General Salestax Act, 1963. By Notification G.O.(MS) No. 389|67|RD dated 31-8-67 (S.R.O. No. 258|67) Government also deleted item 15 viz., "pure silk cloth" from the Schedule I appended to Notification VIII of G.O.MS. 278|Rev. dated 30-3-1963 (S.R.O. No. 342|63) for the reasons stated in the explanatory note to the said Notification. Accordingly all mill made pure silk fabrics, which were enjoying exemption prior to 31-8-1967 from the levy of Salestax are liable to tax at 3% at all points of sale from 1-9-1967. But item (xi) viz., "silk fabrics" has not been omitted from Section 14 of the Central Salestax Act, 1956, so far. So pure silk fabrics can now be assessed to tax only at one stage not exceeding 3% tax in view of the restrictions and conditions contained in section 15 of the Central Sales Tax Act. Government therefore consider that exemption may be allowed to the sale of mill made pure silk fabrics at all points of sale except the point of first sale in the State so as to restrict the levy of tax at one stage at 3%. As the Kerala General Sales Tax (Second Amendment) Act, 1967 came into force on 1-9-1967 this Notification has also to be given effect to from that date.

The Notification is intended to achieve the above object.

എസ്സ്. ആർ. ഒ. നമ്പർ 159/68:—1963-ലെ കേരള പൊതുവില്പനനികുതി ആക്റ്റ്, (1963-ലെ 15-ാം ആക്റ്റ്) 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള ഗവണ്മെൻറ്, അപ്രകാരം ചെയ്യേണ്ടതു് പൊതുതാല്പര്യാർത്ഥം ആവശ്യമാണെന്നു് കരുതുന്നതിനാൽ, മില്ലില്ലുണ്ടാക്കുന്ന 'തനിസിൽക്കവസ്ത്രങ്ങൾക്ക്' മേൽക്കുമേൽ വരുന്ന വ്യാപാരികൾ നടത്തുന്ന വില്പന പരമ്പരയിലെ എല്ലാ ഘട്ടങ്ങളിലും പ്രസ്തുത ആക്റ്റ്, 5-ാം വകുപ്പുപ്രകാരം നികുതി ചുമത്തപ്പെടുന്നതിനു് വിധേയനായ ഒരു വ്യാപാരി സംസ്ഥാനത്തു നടത്തുന്ന ആദ്യ വില്പനയുടെ ഘട്ടത്തിലൊഴികെ, പ്രസ്തുത ആക്റ്റുപ്രകാരം നൽകേണ്ടതായ നികുതിയുടെ കാര്യത്തിൽ, ഇതിനാൽ, ഒഴിവു് നൽകുന്നു.

ഈ പരസ്യം 1967 സെപ്റ്റംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതേണ്ടതാണു്.

വിശദീകരണക്കുറിപ്പ്

1-9-1967 മുതൽ പ്രാബല്യത്തിൽ വന്ന 1967-ലെ കേരള പൊതുവില്പനനികുതി (രണ്ടാം ഭേദഗതി) ആക്റ്റ് (1967-ലെ 16-ാം ആക്റ്റ്) അനുസരിച്ച്, 1963-ലെ കേരള പൊതുവില്പനനികുതി ആക്റ്റിന്റെ മൂന്നാം പട്ടികയിലെ 7-ാം ഇനത്തിൽനിന്നു് 'സിൽക്കവസ്ത്രങ്ങൾ' എന്നതു് വിട്ടുകളയുകയുണ്ടായി.

31-8-1967-ലെ ജി. ഒ. (എം. എസ്.) 339/67/ആർ. ഡി. എന്ന നമ്പർ പരസ്യം (എസ്. ആർ. ഒ. നമ്പർ 258/67) മൂലം ഗവണ്മെന്റ് 30.3.1963-ലെ ജി. ഒ. എം. എസ്. 278/റവന്യൂ-ലെ VIII-ാമത്തെ പരസ്യത്തോട് (എസ്. ആർ. ഒ. നമ്പർ 342/63) ചേർത്ത I-ാം പട്ടികയിൽനിന്ന് പ്രസ്തുത പരസ്യത്തിന്റെ വിശദീകരണക്കുറിപ്പിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ, 15-ാം ഇനം, അതായത്, 'തനി സിൽക്ക വസ്ത്രം' എന്നതും വിട്ടുകളഞ്ഞു. അപ്രകാരം 31-8-1967-ന് മുമ്പ് വില്പന നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്ന, മില്ലിലുണ്ടാക്കിയ എല്ലാ തനിസിൽക്ക വസ്ത്രങ്ങളും 1-9-1967-മുതൽ വില്പനയുടെ എല്ലാ ഘട്ടങ്ങളിലും 3 ശതമാനം വില്പന നികുതി ചുമത്തലിന് വിധേയമായിത്തീർന്നു. എന്നാൽ (xi)-ാം ഇനം, അതായത്, 'സിൽക്കവസ്ത്രങ്ങൾ' എന്നത് 1956-ലെ കേന്ദ്രവില്പനനികുതി ആക്റ്റിലെ 14-ാം വകുപ്പിൽനിന്ന് ഇതുവരെയും വിട്ടുകളഞ്ഞിട്ടില്ല. അതുകൊണ്ട്, കേന്ദ്രവില്പനനികുതി ആക്റ്റിലെ 15-ാം വകുപ്പിലടങ്ങിയിട്ടുള്ള നിയന്ത്രണങ്ങളുടെയും നിശ്ചയങ്ങളുടെയും കാഴ്ചപ്പാടിൽ തനിസിൽക്കവസ്ത്രങ്ങളിന്മേൽ 3 ശതമാനത്തിൽ കവിയാതെ ഒരു ഘട്ടത്തിൽ മാത്രമേ നികുതിചുമത്താൻ ഇപ്പോൾ കഴികയുള്ളൂ. അതിനാൽ, ഒരു ഘട്ടത്തിൽ ചുമത്തുന്ന നികുതി 3 ശതമാനം ആയി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ ആദ്യവില്പനയുടെ ഘട്ടത്തിലൊഴികെയുള്ള വില്പനയുടെ എല്ലാ ഘട്ടങ്ങളിലും, മില്ലിലുണ്ടാക്കിയ തനി സിൽക്കവസ്ത്രങ്ങളുടെ വില്പന സംബന്ധിച്ചും ഒഴിവ് അനുവദിക്കാമെന്ന് ഗവണ്മെന്റ് കരുതുന്നു. 1967-ലെ കേരള പൊതു വില്പനനികുതി (രണ്ടാം ഭേദഗതി) ആക്റ്റ് 1-9-1967-ൽ പ്രാബല്യത്തിൽ വന്നതുകൊണ്ട് ഈ പരസ്യത്തിനും ആ തീയതി മുതൽക്ക് പ്രാബല്യം നൽകേണ്ടിയിരിക്കുന്നു.

മേൽപ്പറഞ്ഞ ഉദ്ദേശം നിറവേറ്റുവാനാണ് ഈ പരസ്യംകൊണ്ടുദ്ദേശിക്കുന്നത്.

By order of the Governor,

K. C. SANKARANARAYANAN,

*Revenue Secretary.*

PRINTED AND PUBLISHED BY THE S.G.P. AT THE GOVERNMENT PRESS, TRIVANDRUM. 1968.